## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 5805

09/07/2012-ൽ മറുപടി
നൽകേണ്ടത്

### കുട്ടനാട് താലൂക്കിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കുട്ടനാട് താലൂക്കിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കുട്ടനാട് താലൂക്കിൽ 1246 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭ നടപടിയായി സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരായ കുടുംബങ്ങളുടെ വിവരം ശേഖരിക്കുന്നതിന് അപേക്ഷാ ഫാറങ്ങളുടെ വിതരണം വില്ലേജ് ആഫീസുകൾ മുഖേന 09.03.2012 ന് ആരംഭിച്ചിട്ടുള്ളതും ആയത് 18.07.2012 ന് അവസാനിക്കുന്നതുമാണ്. പൂരിപ്പിച്ച് ലഭിക്കുന്ന അപേക്ഷകളിന്മേൽ വില്ലേജാഫീസർ, തഹസിൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കുന്നതിനും 15.08.2012 ന് സംസ്ഥാനത്ത് ആകെയുള്ള ഭൂരഹിതരായ കുടുംബങ്ങളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച്, ലാന്റ് അസൈൻമെന്റ് കമ്മിറ്റികളുടെ അംഗീകാരത്തിന് വിധേയമായി, 2015 -ാം ആണ്ടോടുകൂടി ഭവന നിർമ്മാണത്തിന് മൂന്നു സെന്റ് ഭൂമി വീതം പതിച്ചു നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ